## പതിമൂന്നാം കേരള നിയമസഭ
### നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ടചോദ്യം നം. 14** | **05.03.2012-ൽ മറുപടിയ്ക്ക്**

### ബഹുജന സമ്പർക്ക പരിപാടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീ. സി.കെ. സദാശിവൻ**<br>**ശ്രീ. കെ. ദാസൻ**<br>**ശ്രീ. കെ.കെ. നാരായണൻ** | | **ശ്രീ. ഉമ്മൻചാണ്ടി**<br><br>**(മുഖ്യമന്ത്രി)** |
| എ) | മുഖ്യമന്ത്രിയുടെ ബഹുജന സമ്പർക്ക പരിപാടിയിലൂടെ ഏതെല്ലാം കാര്യങ്ങൾ ക്കായിരുന്നുഹർജിക്കാർക്ക് ഉത്തരവുകൾ നൽകേണ്ടി വന്നിട്ടുള്ളതെന്ന് വിശദ മാക്കാമോ ; | (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള സഹായം, ചികിത്സാ സഹായം, ബി.പി.എൽ. കാർഡ് സംബന്ധിച്ചുള്ള പരാതി തുടങ്ങിയ കാര്യങ്ങൾക്കാണ് പ്രധാനമായും ബഹുജനസമ്പർക്ക പരിപാടിയിൽ തീരുമാനമായത്. സഹകരണ വകുപ്പിൽ വായ്പാ കുടിശ്ശിക പലിശസഹിതം എഴുതി തള്ളുക, വായ്പ അടയ്ക്കുന്നതിന് കാലാവധി ദീർഘിപ്പിച്ചു നൽകുക തുടങ്ങിയ ആവശ്യങ്ങളും ഉണ്ടായി രുന്നു. അവയെല്ലാം ചട്ടങ്ങൾക്കുള്ളിൽ നിന്നും തീരുമാനമെടുക്കാൻ കഴിഞ്ഞു. |
| (ബി) | ഇവയിൽ ഭൂരിഭാഗവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രാദേശിക തലത്തി ലുള്ള വിവിധ വകുപ്പുകളുടെയും ജില്ലാ ഭരണ സംവിധാനത്തിൻെറയും ചുമതല യിൽ നടപ്പാക്കിവരുന്ന പ്രവർത്തന ങ്ങളുടെ ഭാഗമായിരുന്നുവോ; | (ബി) | എല്ലാ തലങ്ങളിലും നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആനുകൂല്യങ്ങൾ നൽകേണ്ടതായി വന്നിട്ടുണ്ട്. |
| (സി) | മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ കാര്യക്ഷ മതയും നീതിപൂർവ്വമായ ഭരണ നിർവ്വഹണവും ഉറപ്പാക്കുന്നതിനും അവയുടെ പ്രവർത്തനം കാര്യക്ഷമ മാക്കുന്നതിനും കൂടുതൽ സ്വാതന്ത്ര്യം നൽകി പരാതിരഹിതമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (സി) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പരാതി രഹിതവും കാര്യക്ഷമവുമായി പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ